പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 292 — 11.06.2012 ൽ മറുപടിക്ക്

## ഇറ്റാലിയൻ നാവികർക്കെതിരെയുള്ള നിയമ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കടലിലെ വെടിവെയ്പ്പ് കേസിൽ ഇറ്റാലിയൻ നാവികർക്കെതിരായ നിയമ നടപടികളും ഹർജികളിലെ വാദങ്ങളും പിൻവലിക്കപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുണ്ടായ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) കടലിലെ വെടിവെപ്പ് കേസിൽ ഇറ്റാലിയൻ നാവികർക്കെതിരെ സർക്കാർ സ്വീകരിച്ച ക്രിമിനൽ നിയമനടപടികളൊന്നും പിൻവലിക്കുകയോ ഒത്തുതീർപ്പാക്കുകയോ ചെയ്തിട്ടില്ല. വെടിവെയ്പിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർ ഫയൽ ചെയ്ത സിവിൽ കേസുകളാണ് അവരും ഇറ്റാലിയൻ സർക്കാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് കരാർ പ്രകാരം രാജിയായിട്ടുള്ളത്. |
| (ബി) മത്സ്യത്തൊഴിലാളികൾ കൊല്ലപ്പെട്ട സംഭവം നടന്നത് എത്ര നോട്ടിക്കൽ മൈലിനകത്താണെന്ന് വ്യക്തമാക്കാമോ; വെടിവെച്ചവർക്കെതിരെ പോലീസ് എടുത്ത ക്രിമിനൽ കേസ്സുകൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (ബി) വെടിവെപ്പ് സംഭവവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ നിന്നും സംഭവം നടന്നത് 20.5 നോട്ടിക്കൽ മൈലിലാണെന്ന് വ്യക്തമായിട്ടുണ്ട്. വെടിവെച്ചവർക്കെതിരെ നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2/2012 ആയി രജിസ്റ്റർ ചെയ്ത കേസിൽ അന്വേഷണം പൂർത്തിയാക്കി 18.05.2012 ൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. സി.പി. 1/2012 ആയി കൊല്ലം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ഫയലിൽ സ്വീകരിച്ച കേസ് കൊല്ലം പ്രിൻസിപ്പൽ സെഷൻസ് കോടതിയിലേക്ക് കൈമാ |

റിയിട്ടുണ്ട്. എസ്.സി. 515/2012 ആയി നമ്പർ ചെയ്ത ഈ കേസിൽ 18.06.2012 ന് വിചാരണ ആരംഭിക്കുന്നതാണ്.

(സി) മരണപ്പെട്ടവരുടെ ബന്ധുക്കളും ഇറ്റലിക്കാരും തമ്മിൽ കോടതിക്ക് പുറത്ത് കരാറുണ്ടാക്കിയതും അതിനായി നടന്ന പ്രവർത്തനങ്ങളും അന്വേഷണത്തിന്റെ ഭാഗമായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ല.

(ഡി) നാവികർക്കെതിരെയുള്ള കേസ്സുകൾ റദ്ദാക്കുന്നതിനായുള്ള ഹർജികളിന്മേൽ സംസ്ഥാന പോലീസ് സ്വീകരിച്ച നിലപാട് വിശദമാക്കാമോ?

(ഡി) നാവികർക്കെതിരായുള്ള കേസ് റദ്ദാക്കുന്നതിനുവേണ്ടി ഫയൽ ചെയ്യപ്പെട്ട WP (C) 4542/12 നമ്പർ കേസിൽ 23.02.2012 മുതൽ 30.03.2012 വരെ വിവിധ ദിവസങ്ങളിൽ വാദം കേട്ട ഹൈക്കോടതി കേസ് തള്ളി ഉത്തരവായി. കേരള സർക്കാരിനും പോലീസിനും ഈ കേസിൽ അന്വേഷണം നടത്തുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും അധികാരമുണ്ടെന്ന കർശന നിലപാടാണ് സംസ്ഥാന പോലീസ് സ്വീകരിച്ചത്. ബഹു. കോടതി ഈ നിലപാട് ശരിവെച്ചുകൊണ്ടുള്ള ഉത്തരവാണ് പുറപ്പെടുവിച്ചത്.

സെക്ഷൻ ഓഫീസർ